പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3829

15.12.2014-ൽ മറുപടിക്ക്.

## ക്യാമറ സ്ഥാപിക്കുന്നതിന് ചെലവായ തുകയും ക്യാമറയുടെ പ്രവർത്തനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ കാലയളവിൽ ആഭ്യന്തര വകുപ്പ് റോഡുകളിൽ ആധുനിക ക്യാമറ സൗകര്യം ഏർപ്പെടുത്തുവാനായി നാളിതുവരെ എത്ര തുക ചെലവാക്കി; | : (എ) ഈ സർക്കാർ കാലയളവിൽ 9 സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിനായി 1,63,32,000 രൂപയും 86 ട്രാഫിക്ക് സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കുന്നതിനായി 4,08,51,480 രൂപയും 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ പോലീസ് വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ കാസർഗോഡ് പാക്കേജിന്റെ ഭാഗമായി സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) നമ്പർ 333/13/ആഭ്യന്തരം തീയതി 29.01.2014 പ്രകാരം 2,28,03,356 രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്താകമാനം എത്ര ക്യാമറകൾ സ്ഥാപിച്ചു; ഇവയിൽ എത്ര എണ്ണം നിലവിൽ പ്രവർത്തന ക്ഷമമാണ്; എത്ര എണ്ണം പ്രവർത്തനരഹിതമായി; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കാനും അറ്റകുറ്റപ്പണികൾക്കുമായി ഏതൊക്കെ സ്ഥാപനങ്ങളെ നിയോഗിച്ചിട്ടുണ്ട്; ഇതിനായി എന്തു തുക ഓരോ വർഷവും നൽകേണ്ടതുണ്ട്; ഇതിൽ എത്ര തുക ഓരോ വർഷവും നൽകി; എത്ര നൽകാനുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾ കരാർ ലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | : (ബി)യും, (സി)യും)<br><br>ഈ സർക്കാർ കാലയളവിൽ 9 സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളും, 86 ട്രാഫിക് സെക്യൂരിറ്റി ക്യാമറകളും പോലീസ് വകുപ്പ് മാത്രമായി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപണിയ്ക്കുമായി കെൽട്രോണിനെയാണ് നിയോഗിച്ചിട്ടുള്ളത്. 2011-12, 2012-13 ൽ സ്ഥാപിച്ച ക്യാമറകൾ അതിന്റെ വാറണ്ടി പിരീയഡിൽ അറ്റകുറ്റപണികൾ ചെയ്തിട്ടുണ്ട്. 3 വർഷത്തെ **Annual Maintenance Contract** നായി 2,55,21,020 രൂപയുടെ അനുമതിയും വർക്ക് ഓർഡറും കെൽട്രോണിന് ഇപ്പോൾ നൽകിയിട്ടുണ്ട്. കരാർ ലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഡി) ആഭ്യന്തര വകുപ്പിന്റെ പരിശോധനയിൽ നൈറ്റ് വിഷൻ ക്യാമറയാണ് സ്ഥാപിക്കേണ്ടതെന്ന വകുപ്പിന്റെ അറിയിപ്പ് പാലിക്കാതെ സ്ഥാപിക്കപ്പെട്ട ക്യാമറകളിൽ നിന്ന് ഇവ പകർത്തുന്ന രാത്രി ദൃശ്യങ്ങൾ വിവിധ അന്വേഷണങ്ങൾക്ക് ഫലവത്താവുന്നില്ല എന്നതും ഇതുമൂലം അപകട മരണങ്ങളുണ്ടാകുന്ന വാഹനങ്ങൾ കണ്ടുപിടിക്കാൻ കഴിയുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

: (ഡി) അപൂർവ്വം ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാത്രിയിലെ ക്യാമറയിലെ ദൃശ്യങ്ങൾ പരിശോധിച്ച് കണ്ടെത്താൻ കഴിയാത്ത 5 കേസുകൾ ഉണ്ടായിട്ടുണ്ട്.

(ഇ) എങ്കിൽ ഇവയുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനം മൂലം വാഹനാപകടം മൂലം മരണപ്പെട്ടവരുടെ മരണത്തിനിടയാക്കിയതും സ്പിരിറ്റ് ഉൾപ്പെടെ സ്ഫോടക വസ്തുക്കൾ കടത്തിയതുമായ കണ്ടെത്താൻ കഴിയാത്ത വാഹനങ്ങൾ എത്രയാണ്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

: (ഇ) 5 വാഹനങ്ങൾ; തിരുവനന്തപുരം സിറ്റി ജില്ല പരിധിയിൽ 2 ഉം, കോഴിക്കോട് സിറ്റി ട്രാഫിക് പരിധിയിൽ 3 ഉം.

(എഫ്) ഇത്തരം സാഹചര്യത്തിൽ, പ്രസ്തുത അപകട മരണങ്ങൾക്ക് വിധേയരായവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

: (എഫ്) കോഴിക്കോട് സിറ്റി ജില്ലാ പരിധിയിൽ മൂന്നും തിരുവനന്തപുരം സിറ്റി ജില്ലാ പരിധിയിൽ രണ്ടും പേർ വീതവും മരണപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ